# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3661

## (23.08.2017 ലെ മറുപടിക്ക്)

## <u>ചട്ടഞ്ചാൽ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം</u>

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ** | **ഡോ. തോമസ് ഐസക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തെക്കിൽ വില്ലേജിൽ സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ തെക്കിൽ വില്ലേജിൽ റീസർവ്വേ 107/1 A പാർട്ടിൽപ്പെട്ട 10 സെന്റ് പുറമ്പോക്ക് ഭൂമി ചട്ടഞ്ചാൽ സബ്ട്രഷറി നിർമ്മാണത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം കൈമാറിയിട്ടുണ്ട്. |
| (ബി) | ഈ സ്ഥലം എന്നാണ് അനുവദിച്ച് നൽകിയിട്ടുള്ളതെന്നും ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ? | 23.10.2013-ലെ റവന്യൂ (എൽ) വകുപ്പിന്റെ സ.ഉ.(കൈ) നം. 463/2013/റ.വ ഉത്തരവ് പ്രകാരം 2013-ൽ ഭൂമി കൈമാറിയിട്ടുണ്ട്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രോജക്റ്റിന്റെ രണ്ടാം ഘട്ടത്തിൽ ചട്ടഞ്ചാൽ സബ്ട്രഷറിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ട്രഷറി ഡയറക്ടറേറ്റിൽ നിന്നും പ്രോജക്ട് റിപ്പോർട്ട് അടക്കമുള്ള വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**